ICAR - KRISHI VIGYAN KENDRA, CARD
PATHANAMTHITTA DISTRICT

# NEWS LETTER

January - December 2020 Vol. 18

## കോവിഡ് കാലത്തെ പച്ചക്കറികൃഷി

സുരക്ഷിതമായ ഭക്ഷണം ലക്ഷ്യമിട്ടുകൊണ്ട് മലയാളികൾ കൃഷിചെയ്യാൻ ഇറങ്ങിയിട്ട് ഒരു ദശാബ്ദം പിന്നിടുന്നു. വീട്ടുവളപ്പിലും സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും ഒക്കെ ഇത് തുടർന്നുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള സുരക്ഷിത പച്ചക്കറികളുടെ ലഭ്യത ഉയർത്തുന്ന പല ചോദ്യങ്ങൾക്കും ഉത്തരം ആയിരുന്നു കേരളത്തിലെ പച്ചക്കറി കൃഷി സംരംഭങ്ങൾ. ലോകം മുഴുവനും കോവിഡ് കാലത്ത് വീടുകളിലേക്ക് ചുരുങ്ങിയപ്പോൾ ജനങ്ങൾ കൂടുതലായി പച്ചക്കറി കൃഷിയിലേക്ക് തിരിഞ്ഞു അവർക്കുവേണ്ട വിത്തുകളുടെയും തൈകളുടെയും ലഭ്യത ഒരു പ്രശ്നമായിരുന്നു. ഈ സമയത്ത് പത്തനംതിട്ട ജില്ലയിലെ കെവികെ വിത്തുകളും തൈകളും ഒപ്പം പച്ചക്കറികളും ലഭ്യമാക്കാൻ ഇടപെട്ടു. 2019 ൽ കെവികെയിൽ നിന്നും കർഷകർക്ക് നൽകിയത് 53844 എണ്ണം






പച്ചക്കറി തൈകൾ ആയിരുന്നു. എന്നാൽ 2020ൽ അത് 179336 എണ്ണം ആയി മാറി. ഇതിൽ വഴുതന, മുളക്, തക്കാളി, ചീര, പാലക്ക്, വെണ്ട, കുറ്റിപ്പയർ എന്നിവയെ കൂടാതെ നാടൻ ഇനങ്ങളായ ചതുരപ്പയർ, കുറ്റിവാളരി, നിത്യവഴുതന എന്നിവയും ഉൾപ്പെടുന്നു .



കൂടാതെ പച്ചക്കറി വിത്ത് ഉൽപാദനത്തിനും കെവികെ പ്രാധാന്യം നൽകി. ചീര, വെണ്ട, കുറ്റിപ്പയർ, വള്ളിപയർ, പാവൽ, പടവലം, വെള്ളരി തുടങ്ങിയവയുടെ വിത്തുകളും ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുകയുണ്ടായി കോവിഡ് കാലത്തെ ലോക്ഡൗൺ സമയത്ത് മാത്രം 350 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചെടുക്കാൻ കെവികെയ്ക്ക് സാധിച്ചു. കെവികെയുടെ ഇടപെടലിലൂടെ ജില്ലയിൽ 35 ടൺ പച്ചക്കറി ഉത്പാദനം സാധ്യമായി എന്നത് അഭിമാനം നൽകുന്നു.

## ആര്യ അഗ്രി സൊലൂഷൻസ് – ആര്യപദ്ധതിയിലൂടെ സംരഭകരായ അഞ്ച് അംഗസംഘം



പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ പ്രോത്സാഹനത്തിലും നേതൃത്വത്തിലും ആര്യ പദ്ധതിയിൽ പരിശീലനം പൂർത്തീകരിച്ച അഞ്ച് അംഗസംഘം കോവിഡ് കാലത്ത് താരങ്ങളായി. **ആര്യ അഗ്രി സൊലൂഷൻസ്** എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ പ്രസ്ഥാനം കോവിഡ് കാലത്ത് കർഷകരുടെയും ഉപഭോക്താക്കളുടെയും പ്രശ്നങ്ങൾക്ക് സൊലൂഷൻസുമായി മികച്ച നേട്ടം കൈവരിച്ചു. കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താൻ ബുദ്ധിമുട്ടുകയും ഉപഭോക്താക്കൾക്ക് ലോക്ഡൗൺമൂലം അവശ്യസാധനങ്ങൾ പുറത്തുപോയി വാങ്ങാൻ കഴിയാതെ വന്നപ്പോഴും ആശ്രയമായി നിന്നത് ആര്യ സൊലൂഷൻസാണ്. പച്ചക്കറി, കപ്പ, മത്സ്യം, നാടൻ കോഴി, മുട്ട, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, തേൻ, തേങ്ങാ തുടങ്ങിയ എല്ലാ ഉല്പന്നങ്ങളും കർഷകർക്ക് ന്യായമായ വിലനൽകി ആവശ്യകാർക്ക് വീടുകളിൽ എത്തിച്ചു നൽകി. കുറിയന്നൂരിൽ 5 ഏക്കർ സ്ഥലത്ത് മാതൃകാ കൃഷിത്തോട്ടമൊരുക്കി വിളവെടുക്കുകയുണ്ടായി. കോഴി വളർത്തലും, മത്സ്യ കൃഷിയും, തേനീച്ച വളർത്തലും എല്ലാം ഒപ്പം ഉണ്ട്. മികച്ചയിനം നടീൽ വസ്തുക്കളും, തൈകളും ലഭ്യമാക്കുവാൻ ഒരു നഴ്സറിയും ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹൈടെക് കോഴിക്കൂടുകൾ ഓർഡർ അനുസരിച്ച് ഇവർ നിർമ്മിച്ച് നൽകുന്നുണ്ട്. കൺവയർ ബെൽറ്റ് ഉപയോഗിച്ച് കോഴിക്കൂട്ടിലെ മാലിന്യം എളുപ്പത്തിൽ നീക്കംചെയ്യുന്നതിന് സാധിക്കുന്ന തരത്തിലുള്ള സാങ്കേതിക വിദ്യയും ഹൈടെക് കോഴിക്കൂടുകളിൽ ഇവർ പരീക്ഷിച്ച് വിജയം കൈവരിച്ചിരിക്കുന്നു.


# TRAINING HIGHLIGHTS

- Krishi Vigyan Kendra organized a total of 117 trainings including 54 online trainings. During the period a total number of 7302 participants including 28% female benefitted from the training programme.

## കർഷകർക്ക് ഓൺലൈൻ പരിശീലനം

കോവിഡിന്റെ പശ്ചാത്തലത്തിൽ കർഷകർക്കായി കെവികെ ഓൺലൈൻ ക്ലാസ്സുകൾ നടത്തി. ശാസ്ത്രീയ തെങ്ങു കൃഷി, മഴക്കാല പച്ചക്കറി കൃഷി, പുകരഹിത കുടംപുളി സംസ്കരണം, ഫലവൃക്ഷങ്ങളുടെ പരിപാലനം, മൈക്രോ ഗ്രീൻസ്, മുട്ടക്കോഴികളുടെ ശാസ്ത്രീയ പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം ക്രമീകരിച്ചു.

## WEBINAR FOR EMPOWERMENT OF SPECIAL YOUTH




An exclusive webinar for empowering adult persons with disabilities and their family members in post Covid pandemic was organised by KVK in collaboration with Composite Regional Centre for skill development, rehabilitation and empowerment of persons with disabilities (CRC), Kozhikode, NIEMPED from 14th October 2020 with the theme 'Employment model for sustainable development and entrepreneurship covered 8 topics and benefitted 60 participants.

## BEYOND JACK-DIGITAL DISCOURSE SERIES




As part of the activities of State Resource Centre for jackfruit, KVK organised online training programme 'Beyond Jack –Digital discourse series' including 14 sessions on various aspects of jackfruit plantation to marketing. The programme was started on12th August 2020 and inaugurated by Sri.Raju Abraham, MLA. More than 1400 participants attended the programme and covered topics on Jackfruit cultivation, value addition, Bakery products using jack flour, preparation of detailed project proposal, Importance of packing, labelling, branding etc.

## KARUTH - PROGRAMME FOR SPECIAL CHILDREN



KVK has established Opportunity Learning Centre (OLC) at 3 special schools in the district during 2018-19 to empower special youth through skill trainings. The success of OLC paved way for KARUTH (Koipuram Model of Accept and Respect of Unlimited Talents and Hampered), which is a replicable model developed as part of Koipuram Block Panchayat funded project to equip the special children. As part of this 25 special children along with their parents were trained in selected vocations like poultry farming, vegetable cultivation in grow bags, quail farming and handholding support was rendered to set up units at household level.


## വളപ്രയോഗ ബോധവത്കരണ സെമിനാറും പ്രദർശനവും നടത്തി




മണ്ണിന്റെ ആരോഗ്യം പരിശോധിച്ച്, പോഷകങ്ങളുടെ ലഭ്യത ശാസ്ത്രീയമായി ഉറപ്പുവരുത്തിയുള്ള കൃഷി രീതികൾ ആവലംബിക്കുന്നതിനായി കർഷകർക്ക് വളപ്രയോഗ ബോധവത്കരണ സെമിനാർ ഫെബ്രുവരി 18 ന് പന്തളം ഫാർമേഴ്സ് ട്രെയ്നിങ്ങ് സെന്ററിൽവച്ച് നടത്തി. പത്തനംതിട്ട ജില്ലാ ഐസിഎആർ-കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമവകുപ്പ്, അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. പാരിപാടിയോടനുബന്ധിച്ച് വിവിധ വളങ്ങളുടെ പ്രദർശനവും ക്രമീകരിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോർജ്ജ് മാമ്മൻ കൊണ്ടൂർ ഉദ്ഘാടനം നിർവ്വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. സി.പി. റോബർട്ട് മുഖ്യ പ്രഭാഷണം നടത്തി.

## അലങ്കാര കേക്കുകളുടെ നിർമ്മാണത്തിൽ പരിശീലനം





പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ ജാക്ഫ്രൂട്ടിന്റെ ആഭിമുഖ്യത്തിൽ അലങ്കാര കേക്കുകളുടെ നിർമ്മാണത്തിൽ പരിശീലനം നടത്തി. വിപ്പിങ്ങ്, ഫ്രോസ്റ്റിങ്ങ്, ഗനാഷേ, പൈപ്പിങ്ങ് തുടങ്ങിയ സാങ്കേതിക വിദ്യകളാണ് പരിശീലിപ്പിച്ചത്.

## പോഷക മാസാചരണ പരിപാടി



കെവികെയിൽ സംഘടിപ്പിച്ച കേന്ദ്ര സർക്കാരിന്റെ പോഷൺ അഭിയാൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള പോഷകമാസാചരണം (പോഷൺ മഹ്) ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നപൂർണ്ണാ ദേവി ഉദ്ഘാടനം ചെയ്തു. പുതുതലമുറയെ പോഷക സമൃദ്ധമായി പരിപാലിച്ച് ആരോഗ്യമുള്ള തലമുറയെ വളർത്തുന്നതിന് അംഗൻവാടികളുടെ പങ്ക് വലുതാണെന്ന് പ്രസ്താവിച്ചു. കേന്ദ്ര സർക്കാരിന്റെ ന്യൂട്രി സ്മാർട്ട് വില്ലേജ് പദ്ധതി പ്രകാരം ജില്ലയിലെ അഞ്ച് അംഗൻവാടികൾ തിരഞ്ഞെടുത്ത് മാതൃകാ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള പദ്ധതി കൃഷി വിജ്ഞാന കേന്ദ്രം ഈ വർഷം നടപ്പിലാക്കുമെന്ന് കൃഷി വിജ്ഞാന കേന്ദ്രം മേധാവിയും സീനിയർ സയന്റിസ്റ്റുമായ ഡോ. സി. പി. റോബർട്ട് അറിയിച്ചു.

## കൃഷി ഭവനുകളിൽ ബയോഫാർമസി ആരംഭിച്ചു



സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കെവികെയുടെ നേതൃത്വത്തിൽ ഉത്തമ കൃഷിരീതികൾ പരിചയപ്പെടുത്തി വിളകളുടെ ആരോഗ്യം പരിപാലിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി കോയിപ്രം, നാരങ്ങാനം, കോന്നി, കടപ്ര, എഴുമറ്റൂർ എന്നീ കൃഷി ഭവനുകളിൽ ബയോഫാർമസികൾ ആരംഭിച്ചു.

കർഷകർക്ക് വിവിധ വിളകളുടെ സാങ്കേതിക വിദ്യകൾ മനസ്സിലാക്കുന്നതിനുള്ള പ്രസിദ്ധീകരണങ്ങൾ ലഭ്യമാകുന്നതിന് സഹായകമാകുന്ന ബയോഫാർമസിയുടെ ഉദ്ഘാടനം കോയിപ്രം കൃഷി ഭവനിൽ വച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി അനിലാ മാത്യു നിർവ്വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവിയും സീനിയർ സയന്റിസ്റ്റുമായ ഡോ. സി.പി. റോബർട്ട് അദ്ധ്യക്ഷത വഹിച്ചു. കൃഷി വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ശ്രീ. ജോർജ്ജി കെ വർഗ്ഗീസ് പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം നിർവ്വഹിച്ചു.

## ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ലാബ് സജ്ജമായി



പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ സംസ്ഥാന സർക്കാരിന്റ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ ജാക്ക്ഫ്രൂട്ടിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ലാബ് സജ്ജമാക്കി. ഉൽപന്നങ്ങളിലെ പോഷകങ്ങളുടെ അളവ്, മായം ചേർക്കൽ പരിശോധന, ഭക്ഷ്യവസ്തുക്കളുടെ സൂക്ഷിപ്പ് കാലാവധി നിർണ്ണയിക്കുന്ന ഘടകങ്ങൾ എന്നിവ പരിശോധിക്കാനുള്ള സൗകര്യം ഈ ലാബിൽ നിന്നും ലഭിക്കുന്നതാണ്. കൂടാതെ വിദ്യാർത്ഥികൾക്കും സംരംഭകർക്കും ഉൽപന്ന ഗുണനിലവാര നിയന്ത്രണത്തിനാവശ്യമായ പരിശീലന പരിപാടികളും നടത്തപ്പെടുന്നതാണ്.

## 19–ാ മത് ശാസ്ത്ര സാങ്കേതിക സമിതി യോഗം




മണ്ണിന്റെ ആരോഗ്യം പരിശോധിച്ച്, പോഷകങ്ങളുടെ ലഭ്യത ശാസ്ത്രീയമായി ഉറപ്പുവരുത്തിയുള്ള കൃഷിരീതികൾ ആവലംബിക്കണമെന്ന് പത്തനംതിട്ട ജില്ലാ ഐസിഎആർ–കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ 19-ാം ശാസ്ത്ര സാങ്കേതിക സമിതി യോഗത്തിൽ നിർദ്ദേശിച്ചു.

പ്രകൃതിക്കിണങ്ങുന്ന നൂതന ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷിയെ വിനോദത്തോടൊപ്പം വരുമാനമാർഗ്ഗമായി സ്വീകരിക്കണമെന്ന് എസ്.എ.സി ഉദ്ഘാടനം ചെയ്തുകൊണ്ട് കെവികെ ചെയർമാൻ അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ ഓർമ്മിപ്പിച്ചു. 2022 ൽ കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകൾ കർഷകരിൽ എത്തിക്കുവാൻ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ നേതൃത്വം നൽകി വരുന്നതായി അഗ്രികൾച്ചർ ടെക്നോളജി ആപ്ലിക്കേഷൻ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഡി.വി. ശ്രീനിവാസ റെഡ്ഢി പ്രസ്താവിച്ചു.

മുൻ നിര പ്രദർശനങ്ങളും, കർഷക പങ്കാളിത്ത പരീക്ഷണങ്ങളും സമിതിയിൽ അവതരിപ്പിച്ചു.

കാർഡ് ഡയറക്ടർ റവ. ഏബ്രഹാം പി. വർക്കി അദ്ധ്യക്ഷത വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. സി.പി. റോബർട്ട് പദ്ധതികളുടെ അവതരണം നടത്തി.

## RURAL AGRICULTURAL WORK EXPERIENCE (RAWE)



A total no. of 25 participants from Sri Meghsingh maha vidhyalaya - Agra, Junagadh Agricultural University- Gujarath, KAU, VNMKV-Maharashtra, Karunya Agricultural University –Coimbatore, Sursh GyanVihar University-Rajasthan and SHUATS- Allahabad during the period.

## പൈനാപ്പിൾ സംസ്കരണം



കോവിഡിന്റെ പശ്ചാത്തലത്തിൽ പൈനാപ്പിൾ കർഷകർക്ക് വിപണനത്തിൽ നേരിട്ട പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് 1200 കിലൊ വരെ പൈനാപ്പിൾ സംസ്കരിക്കുവാൻ കൃഷി വിജ്ഞാന കേന്ദ്രത്തിന് സാധിച്ചു.

# TECHNOLOGIES ASSESSED AND DEMONSTRATED

## Bio intensive Pest Management in Paddy Var.Uma



FLD on Bio intensive Pest Management in Paddy variety uma was eco-friendly management strategy. Conducted in 6 ha area at Peringara with 10 farmers. Technologies demonstrated was Prophylactic application of Pseudomonas fluorescens , Application of tricho cards , Foliar spray of Azadirachtin , Use of Leaf colour chart. Technology was cost effective and Prophylactic application of Pseudomonas fluorescens resulted in reduced sheath blight incidence and enhanced growth, timely application of tricho cards effectively controls stem borer and leaf folder, LCC reduces nitrogen fertilizer dose, increased yield by 23%.

## Management of Wild Boar

FLD on Management of Wild Boar conducted in 4 ha area in Naranganam with 10 demonstrations. Technology demonstrated was placing BoRep 25 gram in muslin cloth bags around the field at 2 - 3m interval at 25-30 cm height for one month @ 2kg/ acre. This eco-friendly management strategy was cost effective. Duration of effect (persistence of offensive smell) up to one month and found to be effective in rainy season also .



## Assessment of different lights on performance of layers




An On Farm Trial was carried out on Assessment of different lights on performance of layers to achieve the actual Potential of Poultry birds. Technology intervention undertaken was rearing of poultry birds under white light and red light for 14 hours at 10 lux illumination. 150 no. of 20 weeks old BV-380 layer birds were selected for 3 trials. It is found that white Light treatment for a 14 hour period increased egg production by 64%.

## Pinless peepers to reduce injurious pecking in layers



To overcome the problem of Cannibalism and egg eating vices in poultry, a Frontline Demonstration of pinless peepers in layers were implemented in ten number of demonstrations covering 300 birds. Technology intervention undertaken was Use of mechanical devices for reducing injurious pecking in layers. Pinless –peepers designed and developed for birds above the age of 4 months and it can be used efficiently for reducing cases of cannibalism and also reducing incidences of the vice of egg eating.

## Assessment of growth and yield of bush pepper variety under homestead farming



With an aim to augment farmer income in semi urban area ,an OFT was conducted on on 'Assessment of growth and yield of bush pepper variety under homestead farming '.Under this programme 5 farmers were trained on bush pepper cultivation in pots . Hands-on training on planting of bush pepper, use of bio control agent and other cultural operations were covered. Selected farmers are provided with 5 plants of each varieties such as karimunda (local check), IISR shakthi, panniyoor 5 and Malabar excel for comparing their yield.

## Aquaponics in peri urban area



A Front Line Demonstration was conducted at KVK on Aquaponics in peri urban area to combat low per capita land availability and unavailability of safe food. Technology intervention undertaken was growing fishes in re-circulating system along with vegetables. In aquaponics apart from having continuous availability of fresh fish and vegetables, can produce 45 kg of fishes and 25 kgs of vegetables per year with a B.C ratio of 1.48 : 1 and feed conversion ratio is also low.

## ലോക പരിസ്ഥിതി ദിനാചരണം




അന്യം നിന്നു പോകുന്ന പരമ്പരാഗത കാർഷിക വിളകളുടെ പ്രദർശന ത്തോട്ടം പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒരുക്കിക്കൊണ്ട് ലോക പരിസ്ഥിതി ദിനം ആചരിച്ചു. ആനക്കൊമ്പൻ ഇനത്തിൽപ്പെട്ട വഴുതന, വെണ്ട, മത്തിപ്പുളി, വിവിധ ഇനം കാന്താരി മുളക്, നിത്യവഴുതന, വേലിച്ചീര, വാളരിപ്പയർ, നിത്യവഴുതന, സാമ്പാർചീര, മധുരക്കിഴങ്ങ് തുടങ്ങിയവയുടെ തോട്ടമാണ് കൃഷി വിജ്ഞാന കേന്ദ്രത്തിൽ ദിനാചരണത്തിന്റെ ഭാഗമായി ഒരുക്കിയത്. അത്യുല്പാദന ശേഷിയുള്ള വിളകൾ കൃഷി ചെയ്യുമ്പോൾ തന്നെ കേരളത്തിന്റെ തനതായ വിളകൾ കൈമോശം വരാതെ വരുംതലമുറകൾക്ക് പരിചയപ്പെടുത്തിക്കൊടുക്കേണ്ടത് നമ്മുടെ കടമയാണെന്ന് ദിനാചരണം ഉദ്ഘാടനംചെയ്തുകൊണ്ട് കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. സി.പി. റോബർട്ട് പറഞ്ഞു.

## ലോക മണ്ണ് ദിനാചരണം



മണ്ണിന്റെ ജീവാംശം നിലനിർത്തുക, മണ്ണിലെ ജൈവ വൈവിധ്യം സംരക്ഷിക്കുക എന്ന ഐക്യരാഷ്ട്ര സഭയുടെ 2020 ലെ ചിന്താവിഷയം മുൻനിർത്തി പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം ലോക മണ്ണ് ദിനം ആചരിച്ചു. കെവികെ മേധാവി ഡോ. സി.പി. റോബർട്ട് വെബിനാർ ഉദ്ഘാടനം ചെയ്യുകയും മണ്ണ് പരിപോഷണ കാർഡ് കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു. മണ്ണിന്റെ ആരോഗ്യവും വിളപരിപാലനവും എന്ന വിഷയത്തിൽ കൃഷി വിജ്ഞാന കേന്ദ്രം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീ. വിനോദ് മാത്യു, പരിശോധനയ്ക്കായി മണ്ണ് എങ്ങനെ ശേഖരിക്കണം എന്ന വിഷയത്തിൽ കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം അസ്സിസ്റ്റന്റ് (ലാബ്) ശ്രീമതി ഗായത്രി എസ്. എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

## മഹിളാ കിസാൻ ദിവസ് ആചരിച്ചു




പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ മഹിളാ കിസാൻ ദിവസ് പരിപാടി കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീമതി അക്കാമ്മജോൺസൺ ഉദ്ഘാടനം ചെയ്തു. കൃഷി അനുബന്ധ മേഖലകളിൽ സംരംഭകരായി സ്വയംപര്യാപ്തതയിലേക്ക് സ്ത്രീകൾ മാറുന്നതിനുള്ള വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തണമെന്നും ശ്രീമതി അക്കാമ്മ ജോൺസൺ പറഞ്ഞു. കാർഷിക മേഖലയിൽ മികവ് പുലർത്തിയ നാല് വനിതകളെ ചടങ്ങിൽ ആദരിച്ചു. ലിംഗ സമത്വം എന്ന വിഷയത്തിൽ സംവാദവും നടന്നു.

## പോഷക-ഇലക്കറിത്തോട്ട പദ്ധതി ആരംഭിച്ചു



ഇലക്കറിക്കളുടെ ഉപയോഗം നിത്യജീവിതത്തിന്റെ ഭാഗമാക്കി, ആരോഗ്യമുള്ള കുടുംബ നിർമ്മിതിയോടൊപ്പം വിഷരഹിതമായ ഇലക്കറികൾ സ്വന്തം അടുക്കളത്തോട്ടത്തിൽ നിന്നും ഉല്പാദിപ്പിച്ച് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് പോഷക ഇലക്കറിത്തോട്ട പദ്ധതിക്ക് കടപ്ര പഞ്ചായത്തിൽ തുടക്കമായി. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രമാണ് കടപ്ര കൃഷിഭവന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി കടപ്ര ഗ്രാമപഞ്ചായത്തിലെ 50 കർഷകർക്ക് വിവിധ ഇലക്കറികളായ അഗത്തിചീര, ഇലച്ചേമ്പ്, മുരിങ്ങ തുടങ്ങിയ വിവിധ തരത്തിലുള്ള തൈകളും, ജൈവ ഉല്പാദനോപാധികളും വിതരണം ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനം കടപ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷിബു വർഗ്ഗീസ് നിർവ്വഹിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. സി.പി. റോബർട്ട് മുഖ്യ പ്രഭാഷണം നടത്തി.

## NUTRITION SENSITIVE AGRICULTURE




In order to support ICAR initiation of biofortification in crops as a sustainable and cost-effective solution to alleviate malnutrition, KVK has multiplied three ICAR-CTCRI biofortified varieties of sweet potato and popularized among farming community of the district during the period. KVK has demonstrated bio fortified varieties of sweet potato like Sree Kanaka, Bhu Krishna and bhu sona in selected five Anganawadis of Koipuram block as well as in the cluster villages of Pulikeezhu block (Kadapra) ,distributed to 35 progressive farmers and supplied 2000 cuttings for demonstration in the farmer's fields in association with Department of agriculture.

## NEW INITIATIVES AT KVK FARM

- **Vegetable seedling unit** with a production capacity of 1 lakh seedlings especially hybrids and grafts was established at KVK farm. During the period around 35,000 hybrid vegetable seedlings were produced and distributed to farmers.
- An exclusive **budded jack production unit** using root trainer, instead of polybags is setup at KVK for producing thenvarikka, gumless, Vietnam super early, Chembarathivarikka etc.
- **Pepper nursery unit** for the production of pepper cutting following serpentine and column method was established and about 4000 cutting were distributed among the farmers.
- New varieties such as **Arka prabhath** (papaya), **Geethika** (cowpea), **Mithra** (cowpea) were introduced and made available to farmers.

## SWATCHH BHARATH MISSION



As part of the Swatchh Bharath Mission , Krishi Vigyan Kendra , Pathanamthitta organised swatchhta pakhavada and swatchta action plan activities from April to September of 2020 and the event of celebration was started with Swachhata pledge by all staff members of the KVK. In connection with promoting clean and green technologies and organic farming practices ,KVK has demonstrated Microbial based Agricultural Waste Management




using Vermicomposting and 10 such portable compositing units ,i.e. Household vermicompost and Compost inoculum 5 each were established under swatchta action plan in Koipuram panchayath .In addition to this Release of dried powdered goat manure was also organised to promote organic farming practices. Tree planting campaign, Initiation of Open Precision farming at KVK, Quiz competition based on the Life of Gandhiji, Webinar on 'Contemporary Relevance of Gandhian ideas'etc. were organised under the Swatchh Bharath Mission programme at KVK.

## FARMER'S COLUMN

## സമ്മിശ്ര കൃഷിയുമായി ജേക്കബ് ഫിലിപ്പ്



മണ്ണിന്റെ ഗന്ധമറിയാതെ ഗൾഫിലെ ഓയിൽ ഖനികളിലുള്ള നീണ്ട 38 വർഷത്തെ സേവനത്തിനുശേഷം 2015 ൽ നാട്ടിലേക്ക് തിരിച്ചെത്തിയ പത്തനംതിട്ട ജില്ലയിലെ മാരാമൺ സ്വദേശിയാണ് കാഞ്ഞിരത്തുംമൂട് വീട്ടിൽ ജേക്കബ് ഫിലിപ്പ്. വിശ്രമവേളകൾ ആനന്ദകരമാക്കാനും ആരോഗ്യം നിലനിർത്താനും പ്രകൃതിയോട് ഇണങ്ങി ജീവിക്കേണ്ടത് അത്യാവശ്യമാണെന്ന തിരിച്ചറിവാണ് കൃഷിയിലേക്ക് ചുവടുവയ്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. പ്രവാസി ആയിരുന്നപ്പോൾ ശീലിച്ച ഫാസ്റ്റ് ഫുഡ് രീതികളിൽ നിന്നും വ്യത്യസ്തമായി സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ വീട്ടുവളപ്പിൽ തന്നെ കൃഷി ചെയ്യുക എന്ന ലക്ഷ്യത്തോടെ 2017 ൽ 10 ഗ്രോബാഗുകളിൽ ജേക്കബ് തന്റെ കൃഷിക്ക് തുടക്കം കുറിക്കുകയും വിജയം കണ്ടതിനെ തുടർന്ന് 300 ബാഗുകളിലേക്ക് പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും ചെയ്തു. മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് വീടിനോടു ചേർന്നുള്ള 50 സെന്റ് സ്ഥലം പൂർണ്ണമായും കൃഷിക്കായി വിനിയോഗിച്ചിരിക്കുകയാണ്. കൃഷിവകുപ്പിനെയും കെവികെ യുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ചിട്ടുള്ള വിവിധ വിഷയങ്ങളിൽ ആസ്പദമായ പരിശീലനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള അറിവുകൾ ജേക്കബ് തന്റെ കൃഷിയിടത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. പച്ചക്കറി കൃഷിയോടൊപ്പം മീൻവളർത്തൽ, തേനീച്ചവളർത്തൽ, വിവിധ തരത്തിലുള്ള ഫലവൃക്ഷതൈകൾ, മൃഗപരിപാലനം, വളർത്തുപക്ഷികൾ തുടങ്ങിയവയെല്ലാം തന്റെ കൃഷിയിടത്തിൽ സന്തുലനാവസ്ഥയിൽ പരിപാലിച്ചു വരുന്നു. ഇതോടൊപ്പം നൂതന സാങ്കേതിക വിദ്യകളായ ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ് എന്നിവയും പരീക്ഷിച്ച് വിജയിക്കുകയുണ്ടായി. അക്വാപോണിക്സിൽ കാബേജ്, കോളിഫ്ളവർ, ചീര, പുതിന തുടങ്ങിയ പച്ചക്കറികളും അതിനോട് ചേർന്ന ടാങ്കിൽ കട്‌ല, രോഹു, മൃഗാൾ, ഗിഫ്റ്റ് തിലാപ്പിയ തുടങ്ങിയ മത്സ്യ ഇനങ്ങളും കൃഷി ചെയ്യുന്നു. ഇതുകൂടാതെ വെച്ചൂർ പശു, മലബാറി ആട്, കരിങ്കോഴി, കാട, താറാവ്, ബി വി 380 ഇനത്തിൽപ്പെട്ട കോഴികൾ എന്നിവയും ഫാമിന്റെ ഭാഗങ്ങളാണ്. മാലിന്യ സംസ്കരണം സുഗമമാക്കാൻ മണ്ണിര കമ്പോസ്റ്റ് യൂണിറ്റും റൂറൽ കമ്പോസ്റ്റ് യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്. ഡ്രാഗൺ ഫ്രൂട്ട്, റംബൂട്ടാൻ, മാങ്കോസ്റ്റീൻ, ജാതി, ദുര്യൻ, അവക്കാഡോ, ഓറഞ്ച് തുടങ്ങിയ വിവിധ തരത്തിലുള്ള ഫലവൃക്ഷങ്ങളും കപ്പ, ചേന, ചേമ്പ്, എന്നീ കിഴങ്ങുവർഗ്ഗങ്ങളും ജേക്കബിന്റെ സമ്മിശ്ര കൃഷിയിൽ ഇടംപിടിച്ചിട്ടുണ്ട്. കാർഷിക പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായി ഇദ്ദേഹത്തിന്റെ പത്നി ലീല ജേക്കബ് എല്ലാവിധത്തിലുള്ള കൈത്താങ്ങുമായി കൂടെയുണ്ട്, 68-ാം വയസ്സിലും സന്തോഷത്തോടെയും വിരസത ഇല്ലാതെയും ജീവിക്കാൻ സാധിക്കുന്നത് കാർഷികമേഖലയിലെ സജീവമായ തന്റെ പ്രവർത്തനങ്ങൾ കൊണ്ടാണെന്ന് അദ്ദേഹം ഉത്സാഹത്തോടെ പറയുന്നു.

## മുകുളം പുരസ്കാരങ്ങൾ സമ്മാനിച്ചു

മണ്ണിന്റെ മണം അറിഞ്ഞു വളർന്നാലെ മാനുഷീക മൂല്യമുള്ള തലമുറ വളർന്നുവരികയുള്ളുവെന്ന് മുകുളം 2019 പദ്ധതിയുടെ അവാർഡ് ദാന സമ്മേളനം ഉദ്ഘാടനം ചെയതു കൊണ്ട് ശ്രീ.ജോർജ്ജ് മാമ്മൻ കൊണ്ടൂർ പ്രസ്താവിച്ചു. മഞ്ഞാടി മാർത്തോമ്മാ സേവികാസംഘം യു.പി. സ്കൂൾ ജൈവവൈവിധ്യ സംരക്ഷണം, ഭക്ഷ്യസുരക്ഷ എന്നിവയ്ക്ക് മുകുളം 2019 പദ്ധതിയിലൂടെ ഏർപ്പെടുത്തിയിട്ടുള്ള ജോസഫ് മാർത്തോമ്മാ എവർ റോളിങ്ങ് ഗ്രീൻ ട്രോഫിയ്ക്കും ക്യാഷ് അവാർഡിനും അർഹരായി.




കുന്നം മാർത്തോമ്മാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, ഇരവിപേരൂർ ഗവ. യുപി. സ്കൂൾ എന്നിവർക്ക് രണ്ടാം സ്ഥാനത്തിനും, തടിയൂർ കാർമ്മൽ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, മൂന്നാംസ്ഥാനത്തിനും ഉള്ള പുരസ്കാരങ്ങൾക്ക് അർഹരായി.

ഇരവിപേരൂർ ഗവ. യുപി സ്കൂളിലെ ആദിത്യ കെ. കുട്ടികർഷക പുരസ്കാരവും ബിന്റോ കെ. ബിജുമോൻ മഞ്ഞാടി സേവികാസംഘം യു.പി., ജെറിൻ വി. വിജോയി, സെന്റ് ബഹനാൻസ് ഹയർ സെക്കന്ററി സ്കൂൾ വെണ്ണിക്കുളം എന്നിവർ കുട്ടികർഷക പുരസ്കാരത്തിൽ യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങൾക്കുള്ള സമ്മാനങ്ങളും നേടി. മികച്ച അദ്ധ്യാപിക കോർഡിനേറ്റർ ആയ മഞ്ഞാടി സേവികാസംഘം യു.പി.സ്കൂളിലെ അന്നമ്മ റ്റി. ബേബിയെ ചടങ്ങിൽ അനുമോദിച്ചു.


Printed and Published by : Dr. C.P. Robert, Senior Scientist & Head, Editors : Ms.Gayathri S., Dr.Sindhu Sadanandan.
Design and Layout : J.J. Graphic, Plankamon, Tel : 0469 2773070, 8078352248, E-mail : jjgraphicpress@gmail.com